**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4041** **28-06-2024 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ സബ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല ഗ്രാമപഞ്ചായത്തിലെ അറയ്ക്കൽ ആരോഗ്യ സബ് സെന്റർ കെട്ടിട നിർമ്മാണത്തിന് ആരോഗ്യ വകുപ്പ് അനുവദിച്ച തുക പഞ്ചായത്ത് ഭരണ സമിതി ശിപാർശ ചെയ്ത വാളക്കുളം ആരോഗ്യ സബ് സെന്ററിന് മാറ്റി അനുവദിക്കുന്നതിനായി 03-10-2023-ൽ തെന്നല ഗ്രാമപഞ്ചായത്ത് സെക്രട്ടറി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ തെന്നല പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള അറക്കൽ സബ്സെന്റർ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക വാഴക്കുളം സബ്സെന്ററിന് മാറ്റി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | തെന്നല ഗ്രാമപഞ്ചായത്ത് ശിപാർശ ചെയ്ത വാളക്കുളം ആരോഗ്യ സബ് സെന്ററിന് പകരം അറയ്ക്കൽ ആരോഗ്യ സബ് സെന്ററിന്റെ കെട്ടിട നിർമ്മാണത്തിനായി സർക്കാർ ഉത്തരവിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | തെന്നല FHC യിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് അറക്കൽ സെന്ററിന് ഫണ്ട് അനുവദിക്കപ്പെട്ടിട്ടുള്ളത്. |
| (സി) | അറയ്ക്കൽ ആരോഗ്യ സബ് സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. അറക്കൽ സബ്സെന്ററിന് ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള കെട്ടിടം നിർമ്മാണം അവസാനഘട്ടത്തിലാണ്. |
| (ഡി) | പഞ്ചായത്ത് ഭരണസമിതി ശിപാർശ ചെയ്ത പ്രകാരം വാളക്കുളം ആരോഗ്യ സബ് സെന്ററിന് പകരം അറയ്ക്കൽ സബ് സെന്ററിന് അനുവദിച്ച ആരോഗ്യവകുപ്പിന്റെ ഗ്രാന്റ് വാളക്കുളം ആരോഗ്യ സബ് സെന്ററിനായി മാറ്റിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ